34697

30 NOV 2015

# കേരള സർക്കാർ

## പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

### സർക്കുലർ

നമ്പർ 54814/പോൾ-5/2015/പൊ.ഭ.വ. *തിരുവനന്തപുരം, 2015 നവംബർ 5.*

A5

വിഷയം:—ദേശീയ ദിനാഘോഷങ്ങൾ—ഡബ്ല്യു.പി. (സി) നമ്പർ 23497/2015 എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ്—സ്വാതന്ത്ര്യ/റിപ്പബ്ളിക് ദിനാഘോഷങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നത്—കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾ—സംബന്ധിച്ച്.

30/11/15

സ്വാതന്ത്ര്യദിനം, റിപ്പബ്ളിക് ദിനം തുടങ്ങിയ ദേശീയദിനാഘോഷങ്ങൾ എല്ലാവർഷവും സമുചിതമായും, ആകർഷകമായും സർക്കാർ ആഘോഷിച്ചു വരുന്നു. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വർഷവും പുറപ്പെടുവിക്കുകയും, ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ/റിപ്പബ്ളിക് ദിനാഘോഷങ്ങളിൽ പരമാവധി സർക്കാർ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും ജില്ല/ഉപജില്ലാ/ബ്ളോക്ക്/പഞ്ചായത്ത് മേധാവികൾക്കും സ്കൂൾ, കോളേജ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിവരികയുമാണ്. ബഹു. ഹൈക്കോടതിയുടെ 12-8-2015-ലെ ഡബ്ല്യു.പി. (സി) നമ്പർ 23497/2015 നമ്പർ കേസിലെ ഇടക്കാല ഉത്തരവിൽ ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന ദേശീയ ദിനാഘോഷങ്ങളിൽ എല്ലാ സർക്കാർ ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തുവാനും ഇക്കാര്യത്തിൽ ഉചിതമായ സത്യവാങ്മൂലം സമർപ്പിക്കുവാനും ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

GCPT. 3/4234/2015/S-9.

ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ/റിപ്പബ്ളിക് ദിനാഘോഷങ്ങളിൽ എല്ലാ സർക്കാർ ജീവനക്കാരും, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു സ്വയംഭരണസ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സ്കൂളുകൾ, കോളേജുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വകുപ്പുതലവൻമാരും ഓഫീസ് മേധാവികളും ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

കെ. ആർ. ജ്യോതിലാൽ,

*സെക്രട്ടറി,*
*പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.

നിയമ വകുപ്പ് സെക്രട്ടറി.

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ബഹു. ഗവർണ്ണറുടെ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.

സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും (നിയമ ധനകാര്യ വകുപ്പ് ഉൾപ്പടെ).

പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികൾക്ക്.

എല്ലാ യൂണിവേഴ്സിറ്റികളിലെയും രജിസ്ട്രാർമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

ഓഫീസ് പകർപ്പ്/കരുതൽ ശേഖരം.

---

<u>പുറത്തെഴുത്ത് നമ്പർ എ5/34697/15 തീയതി 03/12/15</u>

പകർപ്പ്- അറിവിനും തുടർ നടപടികൾക്കുമായി നൽകുന്നു

എല്ലാ സ്ഥാപന മേധാവികൾക്കും

<u>പകർപ്പ്</u>

CA to DT, CA to ADT, JDT, ADO, DD(P), DySAA

എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും, വെബ്സൈറ്റ്

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ഡി.04/12/15